പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3152

22.06.2012 ൽ മറുപടിയ്ക്ക്

## ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

**ചോദ്യം**

**ഡോ. ടി.എം. തോമസ് ഐസക്**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും**

**വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ തുക സമയ ബന്ധിതമായി ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നു എന്ന് ഉറപ്പു വരുത്തിയിട്ടുണ്ട് . |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര രൂപയാണ് അർഹരായവർക്ക് നൽകി വരുന്നത്; | (ബി) | ഈ പദ്ധതി പ്രകാരം പ്രതിമാസം 400/- രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. |
| (സി) | ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | 80 വയസ്സ് കഴിഞ്ഞ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ 900/- രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; | (ഡി) | 2012 ഏപ്രിൽ വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട് |
| (ഇ) | എങ്കിൽ ഏത് കാലയളവിലെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | 2012 മെയ് മാസം മുതലുള്ള പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ